17

# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2776

02.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## റവന്യൂ സേവനങ്ങൾ

**ചോദ്യം**

ശ്രീ പി.സി.വിഷ്ണുനാഥ്
ശ്രീ കെ ശിവദാസൻനായർ
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ സി.പി.മുഹമ്മദ്

**മറുപടി**

ശ്രീ അടൂർ പ്രകാശ്
ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്ത് യഥാസമയം ജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(എ) മുതൽ (സി) വരെ
കേരള സംസ്ഥാന സേവനാവകാശ നിയമം നിലവിൽ വന്നതോടുകൂടി റവന്യൂവകുപ്പിലെ ഓരോ സേവനങ്ങൾക്കും സമയപരിധി നിശ്ചയിച്ചു സേവനം നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പിൽ ഓൺ ലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികളും നടപ്പാക്കി വരുന്നുണ്ട്. ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം, E-district പദ്ധതി സംസ്ഥാനത്തുള്ള 14 ജില്ലകളിലും 31.03.2013-ഓടുകൂടി നടപ്പാക്കി. ഇതിലൂടെ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നു ലഭിക്കുന്ന 23 ഇനം സേവനങ്ങൾ ഓൺ ലൈൻ ആയി ജനങ്ങൾക്ക് ലഭ്യമാകുന്നു. ജനങ്ങൾക്ക് വളരെ വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. പദ്ധതി നടപ്പാക്കിയതുവഴി ജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽ കയറിയിറങ്ങാതെ സേവനങ്ങൾ ലഭ്യമാകുന്നതാണ്. ഇതുകൂടാതെ ഓൺലൈൻ പോക്കുവരവ് 17 വില്ലേജുകളിൽ നടപ്പാക്കിവരുന്നു.

ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്?

(ഡി) അക്ഷയകേന്ദ്രങ്ങൾ വഴിയും സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും ഈ സൗകര്യം ലഭ്യമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ